(ഡി) വൈദ്യുതി ബോർഡിനോട് വിശദീകരണം ചോദിച്ചിട്ടുണ്ട്. ഇതിന് ബോർഡ് മറുപടി തയ്യാറാക്കി വരുന്നു.

(ഇ) ബോർഡിന്റെ ദൈനംദിന കാര്യങ്ങളിൽ ഇടപെടാൻ കമ്മീഷന് അധികാരമില്ല. കമ്മീഷൻ ഇടപെടാറുമില്ല.

പോലീസ് അക്കാഡമിയുടെ പ്രവർത്തനം

*14 [394] ശ്രീ. പി. നാരായണൻ:
„ കെ. പി. രാജേന്ദ്രൻ:
„ എൻ. രാജൻ:
„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നവീകരണ പരിശീലന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) തൃശ്ശൂരിലെ പോലീസ് അക്കാഡമിയിൽ സേനാംഗങ്ങൾക്കു നൽകുന്ന പരിശീലന പരിപാടികൾക്ക് കേന്ദ്രത്തിൽനിന്നും പ്രത്യേക സഹായം ലഭിക്കുന്നുണ്ടോ;

(സി) പോലീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും കഴിവും പ്രോത്സാഹിപ്പിക്കാനും കൂടുതൽ വളർത്തുന്നതിനും വിദേശ മാതൃകയിലുള്ള എന്തെങ്കിലും പരിശീലന പരിപാടികൾ അക്കാഡമിയിൽ നടത്തുന്നുണ്ടോ;

(ഡി) പോലീസ് സേനാംഗങ്ങളുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) അക്കാഡമി പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് ഒഴിവുള്ള മുഴുവൻ തസ്തികളിലും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സംസ്ഥാന പോലീസ് അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മോഡണൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തി കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കി വരുന്നു. ആധുനിക ട്രാൻസ്പോർട്ട് സ്ക്വാഡ് തുടങ്ങുന്നതിനുള്ള ഉപകരണങ്ങൾ, ആധുനിക പരിശീലന പരിപാടികൾക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് എം.പി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു. പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയ്നിംഗ് സിലബസ് ആധുനിക രീതിയിൽ പരിഷ്ക്കരിച്ച് 19-5-2004-ലെ ജി.ഒ. (എംഎസ്.) 192/04/ആഭ്യന്തരം എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം യോഗ, കരാട്ടേ, നീന്തൽ, കംപ്യൂട്ടർ, ഡ്രൈവിംഗ് തുടങ്ങിയ പരിശീലനങ്ങളും പോലീസ് ഉദ്യോഗസ്ഥർ അനുവർത്തിക്കേണ്ട സ്വഭാവരീതികൾ, തെളിവ് നിയമങ്ങൾ എന്നിവയും സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ട്രാഫിക് സ്കൂൾ, മ്യൂസിക് സ്കൂൾ, ടെലികമ്മ്യൂണിക്കേഷൻ സ്കൂൾ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവ സ്ഥാപിച്ച് പുതിയ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ചു വരുന്നു. അക്കാഡമിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് 31-3-2004-ലെ ജി.ഒ. (എംഎസ്.) 802/04/ആഭ്യന്തരം എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എം.പി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന ഇനങ്ങൾ കൂടാതെ പോലീസ് അക്കാഡമിയിലെ പരിശീലന പരിപാടികൾക്കായി പ്രത്യേക കേന്ദ്ര സഹായം ലഭിക്കുന്നില്ല.

(സി) വിദേശ മാതൃകയിലുള്ള പരിശീലന പരിപാടികൾ അക്കാഡമിയിൽ നടത്തുന്നില്ല. എന്നാൽ ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും കഴിവും പ്രോത്സാഹിപ്പിക്കുന്നതിനും വളർത്തുന്നതിനും ആധുനിക പരിശീലന പരിപാടികൾ നടത്തി വരുന്നു.

(ഡി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അനുബന്ധം 'എ'-യിൽ ചേർത്തിരിക്കുന്നു.†

(ഇ) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് ട്രെയിനിംഗ് നൽകി നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സർക്കാർ ആശുപത്രികളിലേക്കു വാങ്ങുന്ന മരുന്നിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം

*15 [395] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എ. സി. മൊയ്തീൻ:
„ സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങുമ്പോൾ അവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) വിവിധ രോഗങ്ങൾക്കുള്ള പ്രതിരോധ വാക്സിനുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് നിലവിൽ സംവിധാനമുണ്ടോ;

(സി) പേവിഷ പ്രതിരോധത്തിനുള്ള അഭയറാബ് എന്ന വാക്സിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം വ്യക്തമാക്കാമോ;

(ഡി) അഭയറാബ് വാക്സിൻ ഉപയോഗം നിർത്തിവച്ചശേഷം പേവിഷ വാക്സിൻ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളിൽനിന്നും എന്തു തുകയുടെ വാക്സിനാണ് വാങ്ങിയതെന്നു അറിയിക്കാമോ;

(ഇ) പേവിഷ വാക്സിന് അധികവില നൽകിയതുമൂലം സർക്കാരിനു സാമ്പത്തിക നഷ്ടം ഉണ്ടായതായി ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[19-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *14 (394) കാണുക.]

പോലീസ് സേനാംഗങ്ങളുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ.

1. ജി.ഒ. (എംഎസ്.) നം. 438/02/(126) ഫിൻ. തീയതി 3-7-2002 അനുസരിച്ച് യൂണിഫോം അലവൻസ് താഴെ പറയും വിധം വർദ്ധിപ്പിച്ചിട്ടുണ്ട്.

റാങ്ക്	*നിലവിലുണ്ടായിരുന്ന യൂണിഫോം അലവൻസ്*	*വർദ്ധിപ്പിച്ചത്*
എസ്.പി. (നൺ. ഐ.പി.എസ്.)	1125	1400
ഡി.വൈ.എസ്.പി.	975	1300
സി.ഐ.	900	1200
എസ്.ഐ./എ.എസ്.ഐ.	825	1100
പി.സി./എച്ച്.സി.	750	1000

2. ജി.ഒ. (പി) 264/03 ഫിൻ. തീയതി 13-5-2003 പ്രകാരം സ്പെഷ്യൽ അലവൻസ് താഴെ പറയും വിധം വർദ്ധിപ്പിച്ചിട്ടുണ്ട്.

റാങ്ക്	*നിലവിലുണ്ടായിരുന്ന സ്പെഷ്യൽ അലവൻസ്*	*പുതുക്കിയത്*
ഡി.വൈ.എസ്.പി.	110	175
സി.ഐ.	100	175
എസ്.ഐ.	90	150
എ.എസ്.ഐ.	75	150
എച്ച്.സി.	65	120
പി.സി.	60	120

കൂടാതെ ക്യാമ്പ് ഫോളോവർ മുതൽ എസ്.ഐ. വരെയുള്ളവർക്ക് റേഷൻമണി 75 രൂപയിൽനിന്ന് 150 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ജി.ഒ.(പി.) നം. 264/03/ഫിൻ. തീയതി 13-5-2003.

ഇതുകൂടാതെ പോലീസ് സേനയുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ആദ്യ പടിയെന്ന നിലയ്ക്ക് ഭരണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 57 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കിക്കൊണ്ടും അതിലേക്കുള്ള അധിക തസ്തികകൾ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III—(തുടർച്ച)

അനുവദിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. [ജി.ഒ. (എം.എസ്.) 232/04/ആഭ്യ. തീയതി 30-6-2004]

അനുബന്ധം IV

[19-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 20 (*400) കാണുക.]

ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ.)

ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീടുകൾ ഉണ്ടാക്കികൊടുക്കുക എന്നതാണ്. ഗുണഭോക്താക്കൾ സ്വന്തമായി 2 സെന്റ് ഭൂമിയെങ്കിലും ഉള്ളവരും വാസയോഗ്യമല്ലാത്ത വീട് ഇല്ലാത്തവരും ആയിരിക്കണം. ഇതര സമുദായങ്ങളിൽപ്പെട്ടവർക്കുള്ള വിഹിതം മൊത്തം വിഹിതത്തിന്റെ 40 ശതമാനത്തിൽ കവിയാൻ പാടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല ഗ്രാമസഭകൾക്കാണ്. ലക്ഷ്യ വിഭാഗത്തിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാക്രമം താഴെ കൊടുത്തിരിക്കുന്നു.

1. മോചിപ്പിക്കപ്പെട്ട അടിമത്തൊഴിലാളികൾ.
2. അധിക്രമത്തിന് വിധേയരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ.
3. വിധവകളും അവിവാഹിതകളും കുടുംബനാഥരായിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ.
4. വെള്ളപ്പൊക്കം, തീ പിടുത്തം, ഭൂകമ്പം മുതലായ പ്രകൃതിക്ഷോഭങ്ങൾക്കിരയായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ.
5. ദാരിദ്ര്യ രേഖയ്ക്ക് കീഴിലുള്ള മറ്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരല്ലാത്ത കുടുംബങ്ങൾ.

ഗുണഭോക്തൃ കുടുംബത്തിലെ സ്ത്രീ അംഗത്തിന്റെ പേരിലാണ് വീട് അനുവദിക്കുന്നത്. ഓരോ പ്രദേശത്തേയും പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്തായിരിക്കും വീടുകളുടെ രൂപകൽപ്പന, വലിപ്പം, തരഭേദം എന്നിവ നിശ്ചയിക്കുക. വീടുകളുടെ തറ വിസ്തീർണ്ണം 20 ച.മീ. ആയിരിക്കണമെന്നല്ലാതെ പ്രത്യേക ഡിസൈൻ യാതൊന്നും നിശ്ചയിച്ചിട്ടില്ല. വീടിനോടനുബന്ധിച്ച് പുകയില്ലാത്ത അടുപ്പും, സാനിട്ടറി ലാട്രീനും ഉണ്ടായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly